കേരള സർക്കാർ

# ചെല്ലാനം ഗ്രാമപഞ്ചായത്ത്

# 2016-17

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
website:www.lfa.kerala.gov.in
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)
നം.കെ.എസ്.എ-ഇ.കെ.എം (പി.3) 1761/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271
email:-doekm.ksad@kerala.gov.in

തീയതി:21/11/2017

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെല്ലാനം ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം : ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ ഓഡിറ്റ് റിപ്പോർട്ട് അയക്കുന്നത്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-6, 3-9 എന്നിവയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

.

നം കെ.എസ്.എ-ഇ.കെ.എം(പി.3)-1761/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271
email:-doekm.ksad@kerala.gov.in

തീയതി:21/11/2017

## എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 04.11.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എസ്. വിജയകുമാർ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.08.2017 മുതൽ 02.09.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തികയും | പേര് | തസ്തിക |
| | ഡി.ജിനിൽ റോയ് | ഓഡിറ്റ് ഓഫീസർ |
| | ഗോപകുമാർ എം.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | വിജു എം.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ജോസ് ഫിജോയ് വി.ജെ. | ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | പേര് | മുതൽ | വരെ |
|---|---|---|---|
| പ്രസിഡന്റ് | മേഴ്സി ജോസി | 01.04.2016 | 31.03.2017 |
| വൈസ് പ്രസിഡന്റ് | കെ.ഡി.പ്രസാദ് | 01.04.2016 | 31.03.2017 |
| വികസന കാര്യ കമ്മിറ്റി ചെയർപേഴ്സൺ | സ്മിത മാത്യു ജേക്കബ് | 01.04.2016 | 31.03.2017 |
| ക്ഷേമകാര്യ കമ്മിറ്റി ചെയർപേഴ്സൺ | ജോൺസൺ പോൾ | 01.04.2016 | 31.03.2017 |
| വിദ്യാഭ്യാസം & ആരോഗ്യ ചെയർപേഴ്സൺ | അനിത ബാബു | 01.04.2016 | 31.03.2017 |
| സെക്രട്ടറി | ഇ.എ. ഫിലോമിന | 01.04.2016 | 31.03.2017 |

### നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപേര് | പേര് | മുതൽ | വരെ |
|---|---|---|---|

| | | | |
|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | അജിത അനീഷ് | 01.04.2016 | 23.01.2017FN |
| | ഇന്ദു ശ്രീ ഐ.ബി. | 23.01.2017AN | 31.03.2017 |
| അസിസ്റ്റന്റ് സെക്രട്ടറി | ബി. അജിത | 01.04.2016 | 23.12.2016FN |
| | റുബീന കെ.എച്ച്. | 23.12.2016AN | 11.01.2017 |
| | ആർ.എ. പ്രദീപ്കുമാർ | 11.01.2017 | 31.03.2017 |
| കൃഷി ഓഫീസർ | ഷീബ എൻ.കെ. | 01.04.2016 | 31.03.2017 |
| വെറ്ററിനറി സർജ്ജൻ | ഡോ.സിന്ധു | 01.04.2016 | 31.03.2017 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ചാന്ദിനി | 01.04.2016 | 05.08.2016 |
| | ഏഞ്ചൽ ജിൻസി കെ.ജി. | 05.08.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.കെ.ടി.ശ്രീദേവി | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി -തെക്കെ ചെല്ലാനം | ഡോ.ഷൈമ എസ്. | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.അനശ്രീ പ്രകാശ് | 01.04.2016 | 31.03.2017 |
| വി.ഇ.ഒ ചെല്ലാനം | സബിത | 01.04.2016 | 31.03.2017 |
| വി.ഇ.ഒ കണ്ണമാലി | സാദിക്ക് എ. | 01.04.2016 | 31.03.2017 |
| വി.ഇ.ഒ കണ്ടക്കടവ് | സവിത സി.എം. | 01.04.2016 | 31.03.2017 |
| വി.ഇ.ഒ കാട്ടിപറമ്പ് | രാജേശ്വരി കെ.വി. | 01.04.2016 | 31.03.2017 |
| ഫിഷറീസ് ഇൻസ്പെക്ടർ | അരുൺ സൂരി | 01.04.2016 | 23.01.2017FN |
| | ജിബിന എം.എം. | 23.01.2017AN | 31.03.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| 13 | ഓഡിറ്റ് ഇംപാക്റ്റ് – ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ തുക ഒടുക്കി | 1-13 |
| | ഭാഗം 2 | |
| 14 | ഓഡിറ്റോറിയങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല | 2-1 |

| | | |
|---|---|---|
| 15 | വാണിജ്യ കെട്ടിടങ്ങളുടെ എണ്ണവും, ഡി & ഒ ലൈസൻസിന്റെ എണ്ണവും പൊരുത്തപ്പെടുന്നില്ല. | 2-2 |
| 16 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 2-3 |
| | ഭാഗം 3 | |
| 17 | വക്കീൽ ഫീസ് – ആദായ നികുതി ഈടാക്കിയില്ല. | 3-1 |
| 18 | പൂർത്തികരിക്കാത്ത ഭവന നിർമ്മാണ, ഭവന പുനരുദ്ധാരണ പദ്ധതികൾ | 3-2 |
| 19 | തെരുവ് വിളക്കുകൾ – മീറ്റർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നില്ല. | 3-3 |
| 20 | ഓഡിറ്റിന് രേഖകൾ ഹാജരാക്കിയില്ല, ചെലവ് തുക 555724/- രൂപ തടസ്സപ്പെടുത്തുന്നു. | 3-4 |
| 21 | വാട്ടർ ചാർജ്ജിനത്തിൽ അധിക ചെലവ് വരുന്നു | 3-5 |
| 22 | പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം- സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല – കോമ്പൻസേഷൻ ഈടാക്കണം | 3-6 |
| 23 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ- പദ്ധതി നടപ്പിലാക്കുമ്പോൾ നടപടിക്രമങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. | 3-7 |
| 24 | ഭവനപുനരുദ്ധാരണം(എസ്.സി) - പ്രവൃത്തി പൂർത്തീകരിച്ചില്ല | 3-8 |
| 25 | ചെറിയകടവ് മനയിൽ റോഡ്-പണി യഥാസമയം പൂർത്തീകരിച്ചിട്ടില്ല - പിഴയും കോമ്പൻസേഷനും ഈടാക്കേണ്ടതാണ് | 3-9 |
| 26 | ഡെപ്പോസിറ്റ് വർക്കുകൾ – വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 3-10 |
| 27 | ഇൻഡന്റ് പ്രകാരമുള്ള മരുന്നുകൾ മുഴുവൻ ലഭിച്ചില്ല. | 3-11 |
| | ഭാഗം 4 | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 38 | ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| 39 | ഇൻകം &എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 |
| 40 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 29.03.2016 ലെ ഒന്നാം തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് | 10,95,58,450 | 13,59,46,300 |
| വാർഷിക ധനകാര്യ പത്രിക | 7,29,89,457 | 7,67,11,134 |

വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്-ചെലവ് ആണ് മുകളിൽ പട്ടികപ്പെടുത്തിയിരിക്കുന്നത്. അതേസമയം ഡി.ബി.റ്റി. പ്രകാരമുള്ള സാമൂഹ്യ സുരക്ഷിതത്വ പെൻഷൻതുക, ഇ.എഫ്.എം.എസ് വഴിയുള്ള എം.ജി.എൻ.ആർ.ഇ.ജി.എസ് ഫണ്ട് എന്നിവ ഇതിൽ ഉൾപ്പെടുന്നില്ല. ഇവ കൂടി ഉൾപ്പെടുത്തുമ്പോൾ ബജറ്റും, വാർഷികധനകാര്യപത്രികയും തമ്മിൽ കാര്യമായ വ്യത്യാസമില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 17.7.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക ധനകാര്യ പത്രികയിൽ ചില ന്യൂനതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ഖണ്ഡിക 2-3 ആയി ചേർത്തിട്ടുണ്ട്. ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പൻഡിച്ചർ, റസീപ്റ്റ് & പേയ്മെന്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,36,53,616 |
| വരവ് | 7,29,89,457 |
| ആകെ | 10,66,43,073 |
| ചെലവ് | 7,67,11,134 |
| നീക്കിയിരിപ്പ് | 2,99,31,939 |

.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2,06,28,704 | 1,88,03,350 | 91.15% |
| വികസനഫണ്ട് എസ്.സി.പി. | 34,00,341 | 32,91,785 | 96.81% |
| വികസനഫണ്ട് ടി.എസ്.പി. | 21,291 | ഇല്ല | 0% |
| സംരക്ഷണഗ്രാന്റ് റോഡ് | 6,72,825 | 2,50,858 | 37.28% |

| | | | |
|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 55,25,757 | 29,99,924 | 54.29% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,05,31,639 | 86,70,177 | 82.32% |
| പെർഫോമൻസ് ഗ്രാന്റ് | - | 13,77,401 | - |
| ബി ഫണ്ട് | 6,01,62,940 | 6,01,62,940 | 100% |

സംരക്ഷണഗ്രാന്റ് (റോഡ്) ഇനത്തിൽ 37.28% മാത്രമേ ചെലവുള്ളു എന്നത് പ്രത്യേകം ശ്രദ്ധിക്കുക. അതുപോലെ വികസനഫണ്ട് (ടി.എസ്.പി) ഇനത്തിൽ ചെലവില്ല. അലോട്ട്മെന്റ് വന്നത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചു. ചെല്ലാനം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ ഇല്ല എന്ന വസ്തുത ജില്ലാ ആസൂത്രണസമിതിയെയും, അതുവഴി സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 155 | 78876700 | 88 | 44706158 | 23 | 44 | 56.77% |

56.77% പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. അതിലുപരി 155 പദ്ധതികൾ വിഭാവനം ചെയ്തതിൽ 44 പദ്ധതികൾ ഉപേക്ഷിക്കപ്പെട്ടു എന്നത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. നടപ്പാക്കാൻ സാദ്ധ്യതയില്ലാത്ത പദ്ധതികൾക്ക് തുക വകയിരുത്തി വാർഷികപദ്ധതി തയ്യാറാക്കുന്നത് ആശാസ്യമല്ല. ഉപേക്ഷിക്കപ്പെട്ട പ്രൊജക്ടുകളിൽ ഭൂരിഭാഗവും സെക്രട്ടറി നിർവ്വഹണം നടത്തേണ്ടിയിരുന്നവ ആയിരുന്നു എന്നതും ശ്രദ്ധയിൽപ്പെടുത്തുന്നു.

.

നടപ്പിലാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| ക്രമ നം. | പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ തുക | നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|---|---|
| 1 | 54 | സാംക്രമിക രോഗനിയന്ത്രണം | 31800 | Shyma Theruvath Medical Officer, PHC Chellanam |
| 2 | 8 | ഗ്രാമകേന്ദ്രങ്ങൾക്ക് വാടക, അനുബന്ധ സൗകര്യങ്ങൾ | 200000 | Philomina E.A. Secretary, Chellanam Grama Panchayat |
| 3 | 9 | ഗ്രാമകേന്ദ്രങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ | 87757 | ,, ,, |
| 4 | 10 | ഗ്രാമകേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങൽ | 210000 | ,, ,, |
| 5 | 14 | വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ വലിക്കൽ | 200000 | ,, ,, |
| 6 | 32 | ഗാർഹിക വാട്ടർ കണക്ഷൻ | 56000 | ,, ,, |
| 7 | 33 | അംഗനവാടിക്ക് സ്ഥലം വാങ്ങൽ | 700000 | ,, ,, |
| 8 | 34 | തെരുവ് നായ്ക്കളെ പിടിച്ച് ABC പ്രോഗ്രാം സെന്ററിൽ എത്തിക്കൽ | 205763 | ,, ,, |

| | | | | |
|---|---|---|---|---|
| 9 | 149 | ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് നിയമ സാക്ഷരത | 5000 | ,, ,, |
| 10 | 35 | വാർഡ് 19 ൽ പള്ളിപ്പറമ്പിൽ ജോയിയുടെ വീടിന് തെക്കുവശം കാന, നടപ്പാത നിർമ്മാണം | 117202 | Indhu Sree,AE, LSGD |
| 11 | 36 | വാർഡ് 15 പുന്നക്കത്തറ, അറബിത്തറ കോളനിയിൽ നടപ്പാത, സൈഡ് കല്ലുകെട്ട് | 320000 | ,, ,, |
| 12 | 39 | ആയുർവേദ ഡിസ്പെൻസറി കെട്ടിടം മെയിന്റനൻസ് | 165694 | ,, ,, |
| 13 | 40 | സബ്സെന്റർ അറ്റകുറ്റപ്പണി, ഗണപതികാട് | 300000 | ,, ,, |
| 14 | 41 | പഞ്ചായത്ത് ഓഫീസിന് വടക്ക് ഭാഗത്തുള്ള വിവിധ അംഗനവാടികളുടെ അറ്റകുറ്റപ്പണി | 229353 | ,, ,, |
| 15 | 45 | വാർഡ് 15 പൊഴിച്ചിറ കോളനി നടപ്പാത തുടർച്ച | 100000 | ,, ,, |
| 16 | 65 | വാർഡ് 21 ൽ പഞ്ചായത്ത് ഓഫീസിന് തെക്കുവശം കാന, നടപ്പാത നിർമ്മാണം | 100000 | ,, ,, |
| 17 | 73 | വാർഡ് 20 ചാളക്കടവ് പാലത്തിന് തെക്ക് വശത്ത് മൂന്നാമത്തെ നടപ്പാത പുനർനിർമ്മാണം | 155000 | ,, ,, |
| 18 | 80 | വാർഡ് 7 സെന്റ് ആന്റണീസ് ചാപ്പലിന് സമീപം കാനയും നടപ്പാത തുടർച്ച | 180000 | ,, ,, |
| 19 | 98 | വാർഡ് 13 ഗണപതിക്കാവ് അമ്പലത്തിന് പടിഞ്ഞാറ് വശം കാന നടപ്പാത നിർമ്മാണം | 160000 | ,, ,, |
| 20 | 103 | വാർഡ് 17 നം.61 റേഷൻ കടയുടെ പടിഞ്ഞാറ് വശം കാന, നടപ്പാത | 120000 | ,, ,, |
| 21 | 108 | വാർഡ് 12 ഒറ്റത്തറ സെന്റ് സെബാസ്റ്റൻ ചാപ്പൽ നടപ്പാത ഉയർത്തൽ | 80000 | ,, ,, |
| 22 | 109 | വാർഡ് 12 ൽ പഞ്ചായത്ത് ഓഫീസിന് തെക്കുവശം കാന, നടപ്പാത നിർമ്മാണം തുടർച്ച | 300000 | ,, ,, |
| 23 | 126 | വാർഡ് 16 തെക്കേ ചെല്ലാനം ഹാർബറിന് സമീപം വടക്കോട്ട് കാന, നടപ്പാത | 380000 | ,, ,, |
| 24 | 133 | ഹോമിയോ ഡിസ്പെൻസറി മെയിന്റനൻസ് | 300000 | ,, ,, |
| 25 | 134 | വെറ്റിനറി ഹോസ്പിറ്റൽ മെയിന്റനൻസ് | 700000 | ,, ,, |
| 26 | 135 | കണ്ടക്കടവ് പി.എച്ച്.സി. മെയിന്റനൻസ് | 100000 | ,, ,, |
| 27 | 136 | പഞ്ചായത്തിന് വടക്കുവശത്തുള്ള അംഗൻവാടി കെട്ടിടങ്ങളുടെ മെയിന്റനൻസ് | 300000 | ,, ,, |
| 28 | 137 | പഞ്ചായത്തിന് തെക്ക് വശത്തുള്ള അംഗൻവാടി കെട്ടിടങ്ങളുടെ മെയിന്റനൻസ് | 451000 | ,, ,, |

| | | | | |
|---|---|---|---|---|
| 29 | 138 | തെക്കേ ചെല്ലാനം പാടശേഖരം സ്ലൂയിസ് നിർമ്മാണം | 800000 | ,, ,, |
| 30 | 139 | വടക്കേ ചെല്ലാനം ഔട്ടർ ബണ്ട് നിർമ്മാണം, വാടച്ചിറ പാലത്തിനരികിൽ നിന്ന് വടക്കോട്ട് | 1240813 | ,, ,, |
| 31 | 140 | നോർത്ത് ചെല്ലാനം പാടശേഖരത്തിന് 50 എച്ച്.പി.മോട്ടോർ, പെട്ടി, പറ | 850000 | ,, ,, |
| 32 | 141 | 28-ാം നമ്പർ അംഗനവാടിക്ക് സമീപം കാന, കവർസ്ലാബ് മെയിന്റനൻസ്, വാർഡ് 2 | 123000 | ,, ,, |
| 33 | 142 | ഭദ്രകാളി ക്ഷേത്രത്തിന് സമീപം കവർ സ്ലാബ് കോൺക്രീറ്റിംഗ് വാർഡ് 7 | 150000 | ,, ,, |
| 34 | 143 | മനീക്ക് റോഡ് മെയിന്റനൻസ് വാർഡ്9 | 200000 | ,, ,, |
| 35 | 144 | വാർഡ് 5 കട്ടിക്കാട്ട് പാലത്തിന് പടിഞ്ഞാറ് ഭാഗം റോഡ് മെയിന്റനൻസ് | 200000 | ,, ,, |
| 36 | 161 | വാർഡ് 20 മറുവക്കാട് ബസ് സ്റ്റോപ്പിന് തെക്ക് വശം ഒന്നാമത്തെ വഴിയിൽ കാനയും കവർ സ്ലാബും ബാക്കി ഭാഗം നിർമ്മാണം | 45000 | ,, ,, |
| 37 | 162 | വാർഡ് 3 സി.എം.എസ്.ബസ് സ്റ്റോപ്പ് പടിഞ്ഞാറ് വശം കാന, നടപ്പാത നിർമ്മാണം | 380000 | ,, ,, |
| 38 | 163 | വാർഡ് 7 ൽ കെ.കെ.കമ്പനിക്ക് സമീപം കാനയും നടപ്പാതയും പൂർത്തീകരണം | 20000 | ,, ,, |
| 39 | 164 | വാർഡ് 21 ൽ സെന്റ് ആന്റണീസ് കരിശ്പള്ളിക്ക് സമീപം നടപ്പാത ടൈൽ വിരിക്കലും ക്രോസ് ഡ്രെയിൻ നിർമ്മാണവും | 80000 | ,, ,, |
| 40 | 165 | പകൽ വീട് മെയിന്റനൻസ്, ചുറ്റുമതിൽ നിർമ്മാണം | 400000 | ,, ,, |
| 41 | 166 | ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം | 1070000 | ,, ,, |
| 42 | 167 | കൃഷിഭവൻ കെട്ടിട നിർമ്മാണം സ്ഥലം ഒരുക്കൽ | 390000 | ,, ,, |
| 43 | 117 | എസ്.സി.യുവതി-യുവാക്കൾക്ക് ഓട്ടോറിക്ഷ | 100000 | Pradeep Kumar R.A Assistant Secretary Chellanam GramaPanchayat |
| 44 | 121 | എസ്.സി. - ഭൂരഹിത ഭവനരഹിതർക്ക് വീട് വാങ്ങുന്നതിന് തദ്ദേശഭരണ സ്ഥാപനം സ്ഥലം വാങ്ങൽ | 300000 | ,, ,, |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 20.29 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | | | | (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 33,26,074 | 37,61,802 | (+)435728 | (+)13.10% |
| നികുതിയേതര വരവുകൾ | 1,11,84,065 | 77,57,702 | (-)34,26,363 | (-)30.64% |
| മറ്റുവരവുകൾ | 2,39,581 | 2,36,720 | (-) 2861 | (-) 1.19% |
| ആകെ | 1,47,49,720 | 1,17,56,244 | (-)29,93,476 | (-)20.29% |

നികുതിയേതര വരുമാനത്തിൽ 2015-16 നെ അപേക്ഷിച്ച് 30.64% തുക വരവിൽ കുറവ് വന്നിട്ടുണ്ട്. ഇതിന് പ്രധാന കാരണമായി കാണുന്നത് മത്സ്യകാപ്പ് ലേലയിനത്തിൽ പ്രതിവർഷം പഞ്ചായത്തിന് ലഭിച്ചിരുന്ന വരുമാനത്തിൽ 2016-17 വർഷം ഉണ്ടായ 25,00,000/- ൽ പരം രൂപയുടെ കുറവാണ്. മത്സ്യക്കാപ്പിന് കുറുകെയുള്ള പാലം പണിക്ക് വേണ്ടി ബണ്ട് നിർമ്മിച്ചതിനാൽ ഒഴുക്ക് നഷ്ടപ്പെട്ട് മത്സ്യസമ്പത്തിൽ കുറവ് വന്നതിനാൽ കുറഞ്ഞ തുകയ്ക്ക് ലേലം കൊണ്ടതാണ് ഇതിന് കാരണമായത്. ഇനിയുള്ള വർഷങ്ങളിൽ ഇതിന് ഒരു പരിഹാരം കണ്ടെത്താൻ ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,43,240 | 134 |
| കർഷകതൊഴിലാളി പെൻഷൻ | 16,26,800 | 200 |
| വിധവാപെൻഷൻ | 1,07,68,000 | 1191 |
| വാർദ്ധക്യകാലപെൻഷൻ | 31816900 | 3534 |
| വികലാംഗപെൻഷൻ | 77,96,600 | 332 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 76,64,600 | 183 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 2,40,000 | 8 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.08.2017 ന് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 45,132രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

വിതരണ രജിസ്റ്റർ : തപാലുകൾ ലഭിക്കുന്നത് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട് .

ഓഫീസ് മീറ്റിംഗ് മിനുട്സ് ബുക്ക് : ജീവനക്കാരുടെ യോഗം വിളിച്ചുകൂട്ടുന്നുണ്ട്. യോഗ തീരുമാനങ്ങൾ/അഭിപ്രായങ്ങൾ മിനുട്സ് ബുക്കിൽ എഴുതിച്ചേർക്കേണ്ടതാണ്.

ഗ്രാമസഭ: ഗ്രാമസഭകൾ കൃത്യമായ കാലയളവിൽ ചേരുന്നുണ്ട്.ഗ്രാമസഭകളിൽ പരമാവധി ജനപങ്കാളിത്തവും ചർച്ചകളും ഉറപ്പുവരുത്തുന്നുണ്ട്.

രജിസ്ററുകളുടെ സൂക്ഷിപ്പ് : ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിററ് രജിസ്ററർ, ,

ആസ്തി രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. പരാതി രജിസ്റ്റർ എഴുതി പരിപാലിക്കുന്നതായി കാണുന്നില്ല.

പൊതുടാപ്പുകളുടെ വിശദാംശങ്ങൾ ഉള്ള രജിസ്റ്റർ, തെരുവുവിളക്കുകളുടെ രജിസ്റ്റർ എന്നിവയും കൃത്യമായി പരിപാലിക്കുന്നതായി കാണുന്നില്ല.

# 1-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| തൊഴിൽ കാർഡ് ഉള്ളവർ | | | | തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം | തൊഴിൽ ലഭിച്ചവരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|
| SC | ST | GEN | Total | | | SC | ST | GEN | Total | |
| 280 | - | 4192 | 4472 | 2385 | 2275 | 7522 | - | 71925 | 79447 | 159 |

| മുന്നിരിപ്പ് | തൻവർഷവരവ് | | | ആകെ വരവ് | ചെലവ് | | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|
| | EFMS | ഭരണ ച്ചെലവുകൾ ക്കായുള്ള തുക (AFS പ്രകാരം) | ആകെ | | EFMS | ഭരണ ച്ചെലവുകൾ ക്കായുള്ള തുക (AFS പ്രകാരം) | ആകെ | |
| 53351 | 30425772 | 1122861 +1050 +700 = 1124611 | 31550383 | 31603734 | 30425772 | 1048270 +127397 = 1175667 | 31601439 | 2295 |

31.03.2016 ലെ ബാലൻസ് ഷീറ്റ് പ്രകാരം NREGS അക്കൗണ്ടിലെ നീക്കിയിരിപ്പ് 53,351/-രൂപയാണ്. അതേസമയം 2016-17 വാർഷിക ധനകാര്യപ്പത്രികയിലെ റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിൽ 01.04.2016 -ൽ യൂണിയൻ ബാങ്കിലെ MG -NREGS അക്കൗണ്ടിൽ 67,245/- രൂപ നീക്കിയിരുപ്പ് കാണിക്കുന്നുണ്ട്.

എന്നാൽ ഇതിൽ 13894/- രൂപ വിവിധ പ്രവൃത്തികളിൽ നിന്ന് VAT ഇനത്തിൽ അടയ്ക്കേണ്ട തുക തെറ്റായി MG NREGS അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടതാണ്. ഈ തുക പിന്നീട് VAT ഇനത്തിലേക്ക് തിരികെ അടച്ചുകൊണ്ട് യഥാർത്ഥത്തിൽ NREGS അക്കൗണ്ടിൽ ഈ തുക കിഴിച്ച് 53351/- രൂപ (67,245-13,394) യാണ് നീക്കിയിരിപ്പ്. ഇതു കൂടാതെ മുൻവർഷങ്ങളിൽ നല്കിയ ചെക്കുകൾ പണമാക്കാത്തതിനാൽ (Stale Cheques) യഥാക്രമം 1050/-, 700/- എന്നിവയുൾപ്പെടെ 1750/- രൂപ 2016-17 വർഷം വരവിലേക്ക് മുതൽക്കൂട്ടിയതിനാൽ ടി തുക ഉൾപ്പെടെയാണ് 2016-17 വരവ് കണക്കാക്കിയിരിക്കുന്നത്.

അതുപോലെ MG NREGS വേതനയിനത്തിലും, മറ്റും തനത് ഫണ്ടിൽ നിന്ന് മുൻകൂർ ചെലവഴിച്ച തുക തിരികെ തനത് ഫണ്ടിലേക്ക് നല്കിയത് (Recoup) ചെലവിനത്തിലും കാണിച്ചിട്ടുണ്ട്. ഇതെല്ലാം കണക്കാക്കി 31.03.2017-ൽ MG NREGS അക്കൗണ്ടിൽ 2295/- നീക്കിയിരിപ്പാണ് വരുന്നത്.

# 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.08.17 മുതൽ 25.08.17 വരെ | 01.07.17 മുതൽ 31.07.2017 വരെ | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.07.12 മുതൽ 30.07.16 വരെ | 2007-08 മുതൽ 2011-12 വരെ | 26.09.2012 |

## 1-13 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ തുക ഒടുക്കി

ഓഡിറ്റിൽ നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം 7110/-രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

| ഓഡിറ്റ് എൻക്വയറി നം | ഇനം | തിരിച്ചടച്ച തുക | രസീത് നം. /തീയതി |
|---|---|---|---|
| 3/30.08.2017 | ഡി & ഒ ലൈസൻസ് ഫീസ് | 4674 | 117010101319 / 30.03.2017 |
| | | 2011 | 117010101348 / 30.03.17 |
| | | 235 | 117010101347 / 02.09.17 |
| | | 190 | 117010101346 / 02.09.17 |
| | ആകെ | 7110 | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഓഡിറ്റോറിയങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല

പഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല.

| ക്രമ നമ്പർ | കെട്ടിടത്തിന്റെ വിവരം |
|---|---|
| 1 | പാരിഷ് ഹാൾ, സെന്റ്. സെബാസ്റ്റൻസ് ചർച്ച്, ചെല്ലാനം |
| 2 | പാരിഷ് ഹാൾ, സെന്റ്.ഫ്രാൻസീസ് സേവ്യേഴ്സ് ചർച്ച് കണ്ടക്കടവ് |
| 3 | പാരീഷ് ഹാൾ, സെന്റ്.ആന്റണീസ് കണ്ണമാലി |
| 4 | പാരിഷ് ഹാൾ, സെന്റ്.ജോസഫ് ചെറിയകടവ് |

മേൽപ്പറഞ്ഞ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഈ ഓഡിറ്റോറിയങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല എന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. വസ്തുനികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ആവശ്യക്കാരിൽ നിന്ന് വാടക ഈടാക്കി പ്രവർത്തനം നടത്തുന്ന മേല്പറഞ്ഞത് ഉൾപ്പെടെ എല്ലാ ഓഡിറ്റോറിയങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള വസ്തുനികുതി ഈടാക്കുന്നതിന് അടിയന്തിര നടപടി സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

## 2-2 വാണിജ്യ കെട്ടിടങ്ങളുടെ എണ്ണവും, ഡി & ഒ ലൈസൻസിന്റെ എണ്ണവും പൊരുത്തപ്പെടുന്നില്ല.

സെക്രട്ടറി നൽകിയ വിവരങ്ങൾ പ്രകാരം പഞ്ചായത്തിലെ വിവിധ ഇനങ്ങളിലായുള്ള ആകെ കെട്ടിടങ്ങളുടെ എണ്ണം താഴെ ചേർക്കുന്നു.

.

| വാസഗൃഹം | വാണിജ്യാവശ്യങ്ങൾക്കായി നിർമ്മിച്ചവ | മറ്റുള്ളവ | ആകെ |
|---|---|---|---|
| 8707 | 556 | 174 | 9437 |

പഞ്ചായത്തിൽ നിന്ന് നൽകിയിട്ടുള്ള ഡി & ഒ ലൈസൻസുകളുടെയും, ഈടാക്കിയിട്ടുള്ള തൊഴിൽ നികുതിയുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

.

| ആകെ ഉള്ള വ്യാപാരികളുടെ എണ്ണം (ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം) | നൽകിയ ഡി & ഒ ലൈസൻസുകളുടെ എണ്ണം | തൊഴിൽ നികുതി ഈടാക്കിയ വ്യാപാരികളുടെ എണ്ണം |
|---|---|---|
| 248 | 248 | 248 |

.

പഞ്ചായത്തിൽ നിന്ന് ലഭിച്ച വിവരങ്ങൾ പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ 556 എണ്ണം ഉണ്ട്. എന്നാൽ ആകെ 248 സ്ഥാപനങ്ങൾക്ക് മാത്രമെ ഡി & ഒ ലൈസൻസ് നൽകുകയും വ്യാപാരികളുടെ തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുള്ളു. എല്ലാ സ്ഥാപനങ്ങൾക്കും ഡി & ഒ ലൈസൻസ് ആവശ്യമില്ലായെങ്കിലും, മേൽപ്പറഞ്ഞ കണക്കിലുള്ള പ്രകടമായ വ്യത്യാസം ശരിയാണോ എന്ന് പരിശോധിക്കേണ്ടതും, ഡി & ഓ ലൈസൻസ് ആവശ്യമായ പഞ്ചായത്തിലെ എല്ലാ സംരംഭങ്ങൾക്കും ലൈസൻസ് ലഭിച്ചിട്ടുണ്ടെന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-3 <u>വാർഷിക ധനകാര്യപത്രികയിലെ അപാകത</u>

2015-16 വാർഷികക്കണക്കിലെ *ബാലൻസ്* ഷീറ്റിൽ 49,60,790/- രൂപയാണ് നീക്കിയിരുപ്പ്. 2016-17 വർഷം ഇൻകം & *എക്സ്പെൻഡിച്ചർ* സ്റ്റേറ്റ്മെന്റ് പ്രകാരം ഫിക്സഡ് ഡെപ്പോസിറ്റിൻമേലുള്ള പലിശവരവ് 6,86,033/- രൂപയാണ്. അതുപ്രകാരം 2016-17 ബാലൻസ് ഷീറ്റിൽ വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം *5646823/-* രൂപയാണ്. എന്നാൽ പഞ്ചായത്തിലെ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം *5541612/-* രൂപയാണ് നീക്കിയിരുപ്പായി കാണിക്കുന്നത്. വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

.

| ക്രമ നമ്പർ | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | എറണാകുളം ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് , FD:91724 | 823532 |
| 2 | എറണാകുളം ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്, FD: 91725 | 777018 |
| 3 | എറണാകുളം ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് , FD: 91726 | 2772060 |
| 4 | ചെല്ലാനം സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി , DA1725 | 578195 |
| 5 | ചെല്ലാനം സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി , DR1726 | 590807 |
| | ആകെ | 5541612 |

അതായത് 2016-17 ബാലൻസ് ഷീറ്റ് പ്രകാരവും, പഞ്ചായത്തിലെ സ്ഥിരനിക്ഷേപങ്ങളുടെ അസ്സൽ

സർട്ടിഫിക്കററ് പ്രകാരവും ഉള്ള കണക്കുകളിൽ *105211/-* രൂപയുടെ വ്യത്യാസം കാണുന്നുണ്ട്. ഈ വ്യത്യാസത്തിന് കാരണം താഴെപ്പറയുന്നതാണ്.

ചെല്ലാനം സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ സർട്ടിഫിക്കററ് നം. DA 1725 ആയി നിക്ഷേപിച്ചിട്ടുള്ള തുക 5,78,195/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ എടുത്തത് ഈ സർട്ടിഫിക്കററ് 25/2/2018 -ൽ കാലാവധി പൂർത്തിയാകുമ്പോൾ ലഭിക്കാവുന്ന തുകയായ 630233/- രൂപയാണ്. അതുപോലെ സർട്ടിഫിക്കററ് നം. DR 1726 ആയി നിക്ഷേപിച്ചിട്ടുള്ള 5,90,807/- രൂപയ്ക്ക് പകരം കാലാവധി പൂർത്തിയാകുമ്പോൾ ലഭിക്കാവുന്ന തുകയായ 643980/- രൂപയാണ് ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്നത്. ഈ രണ്ട് സർട്ടിഫിക്കററുകൾ തെറ്റായി ചേർത്തതുമൂലം പലിശവരവിനത്തിലും 105211/- രൂപയുടെ വ്യത്യാസം വരുന്നുണ്ട്. അതായത് 2016-17 വാർഷികക്കണക്കിലെ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലും 580822/- രൂപ പലിശവരവിനത്തിൽ വരേണ്ടിടത്ത് 6,86,033/- രൂപയാണ് ചേർത്തിരിക്കുന്നത്.

മേൽപ്പറഞ്ഞ വസ്തുതകൾ അക്കൗണ്ട്സിലെ അപാകതകൾ സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിലും വിശദീകരിച്ചിട്ടുണ്ട്. ആയതിനാൽ ബാലൻസ് ഷീറ്റിലും, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലും ഉണ്ടായ *105211/-* രൂപയുടെ വ്യത്യാസം പരിഹരിക്കപ്പെടേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വക്കീൽ ഫീസ് - ആദായ നികുതി ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ വിവിധകേസുകൾ വാദിച്ചതിന് അഡ്വക്കേറ്റ് ശ്രീ. ദിനേഷ് ആർ.ഷേണായിക്ക് താഴെ ചേർക്കും പ്രകാരം 75000/-രൂപ നല്കിയിട്ടുണ്ട്. ആയതിൽ നിന്ന് ആദായ നികുതി നിയമം 194 (j) പ്രകാരം ഈടാക്കേണ്ടതായ 10% നികുതിയായ 7500/- രൂപ ഈടാക്കേണ്ടതാണ്.

| ക്രമനം | കേസ് നം | നല്കിയ തുക | ചെക്ക് നം | തീയതി |
|---|---|---|---|---|
| 1 | WP(c)20257/16 | 15000/- | 213516 | 08.02.16 |
| 2 | WP(c)26503/16 | 15000/- | | |
| 3 | WP(c)23901/16 | 15000/- | | |
| 4 | WP(c)21031/16 | 15000/- | | |
| 5 | WP(c)19624/16 | 15000/- | | |
| ആകെ | | 75000/- | | |

പ്രസ്തുത തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.3) 29.8.2017 ൽ നല്കിയെങ്കിലും മറുപടിയിൽ വക്കിലിന് പ്രസ്തുത വിവരം കാണിച്ച് കത്ത് നല്കിയിട്ടുണ്ടെന്നും അഥവാ വരുമാന നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കാമെന്നുമാണ് മറുപടി നല്കിയത്. ആയതിനാൽ വരുമാന നികുതിയിനത്തിൽ നഷ്ടം വന്ന തുക അഡ്വക്കേറ്റ് ശ്രീ. ദിനേഷ്.ആർ.ഷേണായിയിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി കേന്ദ്രസർക്കാറിന് ഒടുക്കേണ്ടതാണ്.

## 3-2 പൂർത്തികരിക്കാത്ത ഭവന നിർമ്മാണ/ ഭവന പുനരുദ്ധാരണ

## പദ്ധതികൾ

1)

| | |
|---|---|
| പ്രോജക്ട് നം.തീയതി | എസ് 0049/17 ഭവന നിർമ്മാണം |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ,ചെല്ലാനം |
| അടങ്കൽ, ചെലവ് | 1580000/-, 1180000/- |
| ബിൽ നം | 1,2,3,4,5,6,7,9,13,15/2016-17, തീയതി 17.8.16, 7.9.16, 7.10.17, 18.11.16, 1.1.17, 10.01.17, 27.1.17, 22.2.17, 14.3.17, 23.3.17 |

2016-17 സാമ്പത്തിക വർഷത്തിൽ ചെല്ലാനം സർക്കിൾ വി.ഇ.ഒ നടപ്പിലാക്കിയ ഭവന നിർമ്മാണം (പൊതുവിഭാഗം) പൂർത്തികരിക്കാത്ത ഗുണഭോക്തളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | മേൽവിലാസം | പണിപൂർത്തികരിച്ചതിന്റെ വിവരം | നല്കിയ തുകയുടെ വിവരം /തീയതി |
|---|---|---|---|
| 1 | ശ്രീമതി.മേരി സെബാസ്റ്റിൻ, കലക്കേഴത്ത് | ചുമർ പണി | RTGS-140000 25.02.17, 04.03.17, 16.03.17 |
| 2 | ശ്രീമതി.ജോയ്സ് ജോൺസൺ, മഠത്തിക്കാലയിൽ | ചുമർ പണി | RTGS-140000, 04.03.17, 30.03.17 |
| 3 | ശ്രീമതി.മേഴ്സി ആന്റണി, പറയകാട്ടിൽ | ചുമർ പണി | RTGS-140000 25.02.17, 16.03.17, 25.03.17 |
| 4 | ശ്രീമതി.ജയശ്രീ.കെ.എ. മാവുങ്കപറമ്പിൽ | തറപണി | RTGS-80000 16.03.17 |
| 5 | ശ്രീമതി.മേരി സോളമൻ, മുട്ടുങ്കൽ | തറപണി | RTGS-80000 25.02.17, 25.03.17 |
| 6 | ശ്രീമതിസെൻജിത്ത് ആന്റണി, കുരിശിങ്കൽ | തറപണി | RTGS-80000, 25.02.17 |
| 7 | ശ്രീമതി.ജെസ്സി, തോലാട്ട് | ചുമർ പണി | RTGS-140000, 04.03.17, 25.03.17 |
| 8 | ശ്രീമതി.എലിസബത്ത് സാബു, കളത്തിപ്പറമ്പിൽ | തറപണി | RTGS-80000 27.03.17 |
| 9 | ശ്രീമതി.എൽസി പോൾസൺ, പുത്തംപറമ്പിൽ | തറപണി | RTGS-80000 27.03.17 |
| 10 | ശ്രീമതി.മേരി ആന്റെണി, വാഴക്കൂട്ടത്തിൽ | തറപണി | RTGS-80000 27.03.17 |
| 11 | ശ്രീമതി.ട്രീസ, തൈപ്പറമ്പിൽ | മുന്നൊരുക്ക പ്രവർത്തനങ്ങൾ മാത്രം | RTGS-20000 30.03.17 |
| 12 | ശ്രീമതി.കുഞ്ഞുമോൾ മാർഗ്ഗരറ്റ്, പാട്ടത്തറ | ബാങ്ക് പാസ് ബുക്ക് നല്കാത്തതിനാൽ തുക നല്കിയില്ല | 0 |

| | | | |
|---|---|---|---|
| 13 | ശ്രീമതി.മേരി ബെൻസി കണ്ണിപ്പുറത്ത് | മുന്നൊരുക്ക പ്രവർത്തനങ്ങൾ മാത്രം | RTGS-20000 30.03.17 |
| 14 | ശ്രീമതി.മരിയ ഗൊരേത്തി, വലിയവീട്ടിൽ | മുന്നൊരുക്ക പ്രവർത്തനങ്ങൾ മാത്രം | RTGS-20000 30.03.17 |
| 15 | ശ്രീമതി.മേയേമോൾ, തോപ്പിൽപറമ്പിൽ | തറപണി | RTGS-80000 30.03.17 |
| ആകെ | | | 1180000/- |

അടങ്കൽ തുകയായ 1180000/- രൂപ ചെലവഴിച്ചിട്ടും മേൽ സൂചിത ഗുണഭോക്താക്കൾ പണിപൂർത്തികരിച്ചിട്ടില്ല. ആയതിനാൽ മേൽ സൂചിത ഗുണഭോക്താക്കൾ ഭവന നിർമ്മാണം അടിയന്തരമായി പൂർത്തികരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്,

2)

| | |
|---|---|
| പ്രോജക്ട് നം.തീയതി | എസ് 0086/17 ഭവന പുനരുദ്ധാരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ,കാട്ടിപ്പറമ്പ് |
| അടങ്കൽ, ചെലവ് | 3150000/- 1285000/- |
| ബിൽ നം | 2,3,4,5,6,7,8,9,10/2016-17, തീയതി 21.1.17, 30.1.17, 15.2.17, 2.3.17, 14.3.17, 25.3.17, 30.3.17, 30.3.17, 30.3.17 |

മേൽ പ്രോജക്ട് പ്രകാരം ഭവന പുനരുദ്ധാരണം 106 കുടുംബങ്ങൾക്ക് അനുവദിച്ചെങ്കിലും പണി പൂർത്തീകരിച്ചത് 17 കുടുംബങ്ങൾ മാത്രമാണ്. ആദ്യഘട്ടത്തിൽ ഭവന പുനരുദ്ധാരണം പൂർത്തികരിക്കാത്ത കുടുംബങ്ങൾക്ക് 10000/- രൂപ വീതം നല്കിയിട്ടുണ്ടെങ്കിലും രണ്ടാം ഘട്ട തുകയായ 15000/- രൂപ നല്കിയിട്ടില്ല.

അടങ്കൽ തുകയിൽ 1285000/ രൂപചെലവഴിച്ചിട്ടുണ്ട് ഇനി 1865000/-രൂപ ചെലവഴിക്കുവാനുണ്ട്- ആയതിനാൽ ഭവന പുനരുദ്ധാരണം പൂർത്തികരിക്കാത്ത കുടുംബങ്ങൾ അടിയന്തരമായി പണിപൂർത്തികരിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്.

## 3-3 തെരുവ് വിളക്കുകൾ - മീറ്റർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നില്ല

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് മീറ്റർ സമ്പ്രദായത്തിൽ ആക്കുന്നതിന് പഞ്ചായത്തിൽ നിന്നും മൂന്ന് വർഷങ്ങളിൽ പ്രോജക്ട് മുഖാന്തിരം കേരള സംസ്ഥാന വൈദ്യുതി വകുപ്പിലേക്ക് തുക നല്കിയിട്ടുണ്ടോയെന്ന് ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി നല്കിയതിന് ബിൽ നം 1155/12-13 പ്രകാരം (വൗച്ചർ നം56/ തീയതി 12/ 2/13 )ഡി.ഡി നം 234366 തീയതി 23.02.13) സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 583000/-രൂപ ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി കെ.എസ്.ഇ.ബി ക്ക് നല്കിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. 2012-13 സാമ്പത്തിക വർഷത്തിൽ മേൽ പ്രോജക്ട് പ്രകാരം 583000/-രൂപ നല്കി 2016-17 സാമ്പത്തിക വർഷമായിട്ടും മീറ്റർ ക്ഷാമം മൂലമാണ് പദ്ധതി നടപ്പിലാക്കാത്തത് എന്നാണ് മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രതി വർഷം തെരുവ് വിളക്ക് ചാർജിനത്തിൽ 1642729/-രൂപ പഞ്ചായത്തിൽ നിന്നും നല്കുന്നുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേയും പഞ്ചായത്തിന്റേയും വൈദ്യുതി ചാർജ് കൂടാതെയാണിത്. ഇപ്പോൾ 12മണിക്കൂർ ബേണിംങ് ചാർജിനത്തിലാണ് ശരാശരി 136894/-രൂപ മാസനിരക്കിൽ പഞ്ചായത്തിൽ നിന്ന് കെ.എസ്.ഇ.ബി ഈടാക്കിക്കൊണ്ടിരിക്കുന്നത്.അതായത് മീറ്ററേതര ചാർജിനത്തിൽ പെടുന്ന എൽ.റ്റി 8 (എ) എന്ന താരിഫിലാണ് വൈദ്യുതി ചാർജ് ഈടാക്കി കൊണ്ടിരിക്കുന്നത്. എന്നാൽ മീറ്റർ സ്ഥാപിച്ചിട്ടുള്ള എൽ.റ്റി 8 (ബി) എന്ന താരിഫിലാണ് വൈദ്യുതി ചാർജ് കണക്കാക്കുന്നതെങ്കിൽ എത്രയാണോ ബേണിംങ് ചാർജ് ആയതിന്റെ തുക നല്കിയാൽ മതിയാകും. ആയതിനാൽ മീറ്റർ സ്ഥാപിക്കുന്നതിന് പഞ്ചായത്തിൽ നിന്നും തുക നല്കി 4 സാമ്പത്തിക വർഷങ്ങൾ പിന്നിട്ടിട്ടും മീറ്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാത്തത് കെ.എസ്.ഇ.ബി യുടെ ഭാഗത്തു നിന്നുള്ള കൃത്യവിലോപവും പഞ്ചായത്തിന്റെ ഭാഗത്തു നിന്നുമുണ്ടായ ഉദാസീനതയും വെളിവാക്കുന്നു. ആയതിനാൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് മീറ്റർ സമ്പ്രദായത്തിൽ ആക്കുന്നതിന് പഞ്ചായത്തിൽ നിന്നും അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 ഓഡിറ്റിന് രേഖകൾ ഹാജരാക്കിയില്ല , ചെലവ് തുക 555724/- രൂപ തടസ്സപ്പെടുത്തുന്നു.

ചെല്ലാനം പ്രാഥമിക ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രോജക്ടുകളും അനുബന്ധ രേഖകളും ഹാജരാക്കുന്നതിനായി 30/08/2017 ൽ ഓഡിറ്റ് റിക്വസിഷൻ നം 4 നല്കിയെങ്കിലും ഫയൽ ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1).

| | |
|---|---|
| പ്രോജക്ട് നം, പേര് | 72/16-17, കൊതുക നശീകരണം |
| അടങ്കൽ, ചെലവ് തുക, | 418000/- 303747/- |
| ഫണ്ട് | പൊതുവിഭാഗം (വികസനഫണ്ട്) |

2)

| | |
|---|---|
| പ്രോജക്ട്നം, പേര് | 74/16-17, കണ്ടക്കടവ് പി.എച്ച്.സി.ക്ക് മരുന്ന് |
| അടങ്കൽ,ചെലവ് തുക, | 60000/-, 60000/- |
| ഫണ്ട് | പൊതുവിഭാഗം (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |

3)

| | |
|---|---|
| പ്രോജക്ട്നം, പേര് | 75/16-17, ചെല്ലാനം പി.എച്ച്.സി ശീതികരിക്കൽ |
| അടങ്കൽ,ചെലവ് തുക, | 150000/-, 135000/- |
| ഫണ്ട് | പൊതുവിഭാഗം (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |

4)

| | |
|---|---|
| പ്രോജക്ട്നം, പേര് | 76/16-17, ചെല്ലാനം പി.എച്ച്.സി.ക്ക് ടോക്കൺ വാങ്ങൽ |
| അടങ്കൽ,ചെലവ് തുക, | 15000/-, 6977/- |
| ഫണ്ട് | പൊതുവിഭാഗം (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |

5)

| | |
|---|---|
| പ്രോജക്ട്നം, പേര് | 77/16-17,ചെല്ലാനം പി.എച്ച്.സിക്ക് ഹാഫ് ഡോർ |
| അടങ്കൽ,ചെലവ് തുക, | 10000/- 10000/- |
| ഫണ്ട് | പൊതുവിഭാഗം (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |

6)

| | |
|---|---|
| പ്രോജക്ട്നം, പേര് | 78/16-17, ചെല്ലാനം പി.എച്ച്.സിക്ക് ഇൻവെർട്ടർ |
| അടങ്കൽ,ചെലവ് തുക, | 50000/-, 40000/- |
| ഫണ്ട് | പൊതുവിഭാഗം (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |

ആയതിനാൽ മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച ആകെ തുക രൂ. 555724/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 വാട്ടർ ചാർജ്ജിനത്തിൽ അധിക ചെലവ് വരുന്നു

പ്രതിമാസം 170188/- രൂപ ക്രമത്തിൽ 2016-17 വർഷം ആകെ 2042256/ രൂപ ചെല്ലാനം ഗ്രാമപഞ്ചായത്ത് വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിക്ക് നല്കിയിട്ടുണ്ട്. പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി പൊതുടാപ്പുകളുടെ കാര്യത്തിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയിട്ടുണ്ടോയെന്ന് ആരാഞ്ഞ് 29.08.2017 ൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ജോയിന്റ് വെരിഫിക്കേഷൻ വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടത്തിയിട്ടില്ല 'എന്നാണ് മറുപടി ലഭ്യമാക്കിയത്. ആയതിനാൽ പഞ്ചായത്ത് അടിയന്തരമായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതുടാപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ നടത്തേണ്ടതും പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകൾ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതുമാണ്. ശുദ്ധജലദൗർലഭ്യം കൂടുതലായി അനുഭവപ്പെടുന്ന മേഖലയായതിനാൽ കൂടുതൽ ഗുണഭോക്താക്കൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ നല്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം - സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല - കോമ്പൻസേഷൻ ഈടാക്കണം.

ചെല്ലാനം ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം പുതിയതായി പണിയുന്നതിന് 1,00,00,000/-(ഒരു കോടി) രൂപ അടങ്കൽ തുക വകയിരുത്തി 2014-15 സാമ്പത്തിക വർഷം പദ്ധതി ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിരുന്നു. എന്നാൽ 2015-16 സാമ്പത്തികവർഷത്തിലാണ് ഈ പ്രൊജക്ടിനുവേണ്ടി ഇ-ടെൻഡർ ക്ഷണിച്ചത്. എസ്റ്റിമേറ്റ് തുകയിൽ നിന്ന് 1.6450% കുറവിൽ ശ്രീ. പി.എച്ച്. ഇല്യാസ് എന്നയാൾ ടെൻഡർ സമർപ്പിക്കുകയും, ടി ടെൻഡർ അംഗീകരിക്കപ്പെട്ട് 30.09.2015-ൽ കരാർ വെയ്ക്കുകയും ചെയ്തു. 06.10.2015-ൽ കരാറുകാരന് സൈറ്റ് കൈമാറുകയും ചെയ്തു.

എന്നാൽ ഓഡിറ്റ് നടത്തിയ 2017 ഓഗസ്റ്റ് മാസം വരെ മേൽപ്പറഞ്ഞ കെട്ടിടം പണി പൂർത്തിയായിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ തൊഴിൽപ്രശ്നം മൂലമാണ് കെട്ടിടനിർമ്മാണം പൂർത്തിയാക്കാതെപോയത് എന്നാണ് വിശദീകരിച്ചിരിക്കുന്നത്. ഇതിനെത്തുടർന്ന് അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് വേളയിൽ നടത്തിയ സൈറ്റ് പരിശോധനയിലും,

ഫയലുകളുടെ പരിശോധനയിലും ബോദ്ധ്യപ്പെട്ട വിവരങ്ങൾ താഴെപ്പറയുന്നു.

1. 30.09.2015 ന് കരാർഎഴുതി ആരംഭിച്ച പുതിയ കെട്ടിടത്തിന്റെ പ്രവൃത്തിക്ക് വേണ്ടി 06.10.15-ൽ സൈറ്റ് കൈമാറുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ഈ കരാർപ്പത്രത്തിലോ, സൈറ്റ് ഹാൻറ് ഓവർ സർട്ടിഫിക്കറ്റിലോ എന്നു വരെയാണ് കരാർ കാലാവധി എന്ന് വ്യക്തമാക്കിയിട്ടില്ല. ഇത് കരാറുകാരന് എത്രകാലം വേണമെങ്കിലും പണി നീട്ടിക്കൊണ്ടുപോകുന്നതിന് സാഹചര്യം സൃഷ്ടിക്കുന്നു.

2. സൈറ്റ് പരിശോധനയിൽ കഴിഞ്ഞ 6 മാസമായി മുടങ്ങിക്കിടക്കുന്ന ഈ കെട്ടിടം പണി ഉടൻതന്നെ പുനരാരംഭിക്കുന്നതിന് വേണ്ട യാതൊരു മുന്നൊരുക്കങ്ങളും സൈറ്റിൽ കാണാൻ കഴിഞ്ഞില്ല.

3. ഗ്രൗണ്ട് ഫ്ലോറിന്റെ റൂഫിംഗും, ഫസ്റ്റ് ഫ്ലോറിന്റെ കോളങ്ങളും മാത്രമാണ് ഇതുവരെ പണിതിട്ടുള്ളത്.കെട്ടിടത്തിന്റെ മുറികൾ കെട്ടിത്തിരിക്കുകയോ, ഫ്ലോറിംഗ് നടത്തുകയോ ഒന്നും തന്നെ ചെയ്തിട്ടില്ല.

4. ഇതുവരെ ഈ പ്രവൃത്തിയിൽ ആകെ 2 പാർട്ട്ബില്ലുകളിലായി താഴെപ്പറയുന്നപ്രകാരം തുക നല്കിയിട്ടുണ്ട്.

(a). ആദ്യ പാർട്ട് ബിൽ

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 27,80,718 |
| കുറയ്ക്കുക: ടെൻഡർ വ്യതിയാനം (1.6540%) | 45,993 |
| | 27,34,725 |
| VAT(4%) | 109389 |
| IT (1%) | 27,347 |
| KCWWF(1%) | 27,347 |
| റിടെൻഷൻ (2.5%) | 68,368 |
| ആകെ നല്കിയത് | 25,02,274 |
| തനത് ഫണ്ട് | 787857 |
| ധനകാര്യക്കമ്മീഷൻ വിഹിതം | 1,00,000 |
| വികസനഫണ്ട് (പൊതുവിഭാഗം) | 16,14,417 |

(b) രണ്ടാം പാർട്ട് ബിൽ

| | നല്കാവുന്നത് | നല്കിയത് |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 5,89,544 | 5,89,544 |
| കുറയ്ക്കുക: ടെൻഡർ വ്യതിയാനം (1.6540%) | 9,751 | 0 |
| | 5,79,793 | 5,89,544 |
| VAT(4%) | 23,192 | 23,582 |
| IT (1%) | 5,798 | 5,895 |
| KCWWF(1%) | 5,798 | 5,895 |
| റിടെൻഷൻ (2.5%) | 14,495 | 14,739 |

| | | |
|---|---|---|
| ആകെ | 5,30,510 | 5,39,433 |
| വികസനഫണ്ട് (പൊതുവിഭാഗം) | | 5,39,433 |

ആദ്യ പാർട്ട് ബിൽ 04.11.2016-ൽ നല്കിയതിൽ 1.6540% ടെൻഡർ കുറവ് വരുത്തിയാണ് നല്കിയത്.അതേസമയം രണ്ടാം പാർട്ട് ബില്ലിൽ ടെൻഡർ വ്യതിയാനം കുറച്ചതായി കാണുന്നില്ല.രണ്ടാം പാർട്ട് ബില്ലിൽ നിന്ന് ടെൻഡർ വ്യതിയാനം കുറയ്ക്കാത്തതുമൂലം 8,923/ രൂപ അധികമായി കരാറുകാരന് നല്കിയതായി കാണുന്നു. അധികമായി നല്കിയ തുക അടുത്ത ബില്ലിൽ ക്രമീകരിക്കേണ്ടതാണ്.

5. മേൽപ്പറഞ്ഞപ്രകാരം പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണത്തിനായി നാളിതുവരെ 33,24,269/- രൂപ ചെലവഴിച്ചിട്ടുണ്ട്.

അതേസമയം ചെല്ലാനം ഗ്രാമപഞ്ചായത്ത് ഓഫീസ് 08.12.2014 മുതൽ മാസം തോറും 20,244/- രൂപ വാടകകൊടുത്ത് സ്വകാര്യവ്യക്തിയുടെ കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. 05/2017 വരെ ഈയിനത്തിൽ 5,87,075/- രൂപ ചെലവ് വന്നിട്ടുണ്ട്. ഒരു പൊതുസ്ഥാപനത്തിന് വേണ്ടതായ യാതൊരു സൗകര്യമോ, സുരക്ഷിതത്വമോ ഇല്ലാതെയാണ് ഈ വാടകക്കെട്ടിടത്തിൽ പഞ്ചായത്ത് പ്രവർത്തിക്കുന്നത്.

6. ഇ-ടെൻഡർ നൽകിയ ഈ പ്രവൃത്തിയുടെ ടെൻഡർ/ബിഡ് രേഖകൾ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 1 വർഷമാണ്. 30/09/2015 ൽ സ്ഥലം കൈമാറിയതിനാൽ പൂർത്തീകരണ കാലാവധി 05.10.2016 വരെയാണ്. എന്നാൽ ഈ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയോ, കരാർ പുതുക്കി നിശ്ചയിക്കുകയോ ചെയ്തിട്ടില്ല.
ആയതിനാൽ 2012 ലെ പി.ഡബ്ല്യു.ഡി. മാനുവൽ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം പി.എ.സി.യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷൻ ഈടാക്കേണ്ടതാണ്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തൃപ്തികരമായ വിശദീകരണം നൽകിയിട്ടില്ല.
ആയതിനാൽ നാളിതുവരെ പണി പൂർത്തിയാകാത്തതിനാൽ ഓഡിറ്റ് നടക്കുന്ന 25.08.2017 വരെ താഴെപ്പറയും പ്രകാരം കരാറുകാരൻ കോമ്പൻസേഷൻ അടയ്ക്കാൻ ബാദ്ധ്യസ്ഥനാണ്.
പൂർത്തീകരിക്കേണ്ട തീയതി - 05.10.2016
25.08.2016 വരെ (ഓഡിറ്റ് തീയതി) - 46 ആഴ്ച
ഈടാക്കേണ്ട കോമ്പൻസേഷൻ നിരക്ക് (പ്രതിവാരം 0.1%) - PAC യുടെ 4.6%
എസ്റ്റിമേറ്റ് തുക - 9999997/-
അംഗീകരിച്ച PAC - 9999997 – 1.645% = 9835497
കോമ്പൻസേഷൻ തുക = 9835497 x 4.6% = 452433/-

ഈ പ്രവൃത്തി പൂർത്തിയാകുമ്പോൾ ഓഡിറ്റ് തീയതി വരെയുള്ള കോമ്പൻസേഷൻ തുക ( 452433/-രൂപ) കൂടാതെ പൂർത്തീകരണ തീയതി വരെയുള്ള കോമ്പൻസേഷൻ തുകയും ഈടാക്കിയ ശേഷം മാത്രമേ കരാറുകാരന് ഫൈനൽ ബിൽ തുക നൽകാവൂ എന്ന വിവരം പഞ്ചായത്ത് ഭരണസമിതിയുടേയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.
കെട്ടിടനിർമ്മാണം അടിയന്തിരമായി പൂർത്തീകരിച്ച് പുതിയകെട്ടിടത്തിലേക്ക് ഓഫീസ് മാറ്റാനുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ വാടകച്ചെലവ് ഇനിയും അധികരിക്കുമെന്ന് മാത്രമല്ല, കെട്ടിടം പണിക്കുവേണ്ടി വകയിരുത്തിരുന്ന കെ.എൽ.ജി.എസ്.ഡി.പി ഫണ്ട് കാലാവധി കഴിഞ്ഞതിനാൽ നഷ്ടപ്പെടുമെന്നും, തിരിച്ചടക്കേണ്ടിവരുമെന്നുമുള്ള വസ്തുതകൾ പഞ്ചായത്ത് ഭരണസമിതിയുടെ ഗൗരവപരിഗണനയ്ക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-7 പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ-

## പദ്ധതി നടപ്പിലാക്കുമ്പോൾ നടപടിക്രമങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

ചെല്ലാനം ഗ്രാമപഞ്ചായത്തിൽ 2016-17 ൽ നടപ്പാക്കിയ "പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ (പ്രൊ.നം. 121/17)" എന്ന പദ്ധതിയുടെ പ്രാരംഭഘട്ടനടപടികൾ പൂർത്തിയാക്കി 02/02/2017 -ൽ ടെൻഡർ നടത്തി. അതിൽ സെന്റിന് 90,000/- രൂപയും 2,25,000/- രൂപയുമിടയിൽ ഓഫറുകൾ ലഭിക്കുകയും ചെയ്തു. എന്നാൽ പിന്നീട് പ്രൊജക്ട് തുടർന്ന് നടത്തിയതായി കാണുന്നില്ല. ആയതിനാൽ ടെൻഡർ പ്രകാരം ലഭിച്ച ഓഫറുകൾ പ്രകാരമുള്ള സ്ഥലങ്ങൾ പരിശോധിച്ച് ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് അനുയോജ്യമായതാണോ എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോയെന്നും, സ്ഥലം വാങ്ങൽ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും, ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണെന്നും, 2017-18 സാമ്പത്തികവർഷം ഈ പ്രൊജക്ട് സ്പിൽഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നുമുള്ള കാര്യങ്ങളിൽ വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചതിൽ നടപടിക്രമങ്ങൾ പാലിക്കാൻ കാലതാമസം നേരിട്ടതിനാലാണ് പ്രൊജക്ട് 2016-17 വർഷം നടപ്പാക്കാൻ സാധിക്കാതെ വന്നതെന്നും, 2017-18 വർഷം സ്പിൽഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വിശദീകരിച്ചിട്ടുണ്ട്.

ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ പദ്ധതി നടപ്പിലാക്കുമ്പോൾ 22.01.1999 ലെ ജി.ഒ (പി) 18/98/എൽ.എ.ഡി നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചുവേണം പദ്ധതി നടപ്പിലാക്കേണ്ടത്. ബഹു.ജില്ലാ കളക്ടർ നിശ്ചയിക്കുന്ന സ്ഥലവിലയുടെ 30% വരെ സൊലേഷ്യം നല്കാമെങ്കിലും, ഈ തീരുമാനം പഞ്ചായത്ത് കമ്മിറ്റി ഏകകണ്ഠമായി എടുത്തതായിരിക്കണമെന്നും, മൊത്തം സ്ഥലവില 15 ലക്ഷം കവിയുകയാണെങ്കിൽ ആയതിന് സർക്കാർ അനുമതി തേടേണ്ടതാണെന്നും പഞ്ചായത്ത് ഭരണസമിതിയുടെശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-8 ഭവനപുനരുദ്ധാരണം (എസ്.സി)- പ്രവൃത്തി പൂർത്തീകരിച്ചില്ല

2016-17 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഭവനപുനരുദ്ധാരണം -പട്ടികജാതി വിഭാഗം (പ്രൊ.നം.S120/17) എന്ന പദ്ധതിയിൽ ആകെ 9 ഗുണഭോക്താക്കൾക്ക് 25,000/- രൂപ വീതം മുൻകൂർ നല്കിയിരുന്നു. അതിൽ രണ്ടു ഗുണഭോക്താക്കൾ മാത്രമേ പണി പൂർത്തിയാക്കി തൻവർഷം തന്നെ മുഴുവൻ ആനുകൂല്യവും കൈപ്പറ്റിയിട്ടുള്ളു. ബാക്കി താഴെപ്പറയുന്ന 7 ഗുണഭോക്താക്കളും 2016-17 വർഷം മുൻകൂർ തുക മാത്രം കൈപ്പറ്റി.

| ക്രമനമ്പർ | ഗുണഭോക്താക്കളുടെ പേര് | കൈപ്പറ്റിയ തുക | ട്രഷറി ബിൽ നമ്പർ |
|---|---|---|---|
| 1 | വിലാസിനി | 25,000 | 6/16-17- 20.02.17 |
| 2 | ഗോപി പി.സി | 25,000 | 10/16-17-04.03.17 |
| 3 | കെ.കെ മണി | 25,000 | |
| 4 | രാജേശ്വരി | 25,000 | 17/16-17-25.03.17 |
| 5 | തങ്കപ്പൻ | 25,000 | |
| 6 | സുഭദ്ര | 25,000 | |
| 7 | കുട്ടപ്പൻ | 25,000 | 19/16-17-25.03.17 |
| | ആകെ | 1,75,000 | |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണം പൂർത്തിയാക്കി ബാക്കിതുക നല്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ചെറിയകടവ് മനയിൽ റോഡ് - യഥാസമയം പൂർത്തീകരിച്ചില്ല -

## പിഴയും കോമ്പൻസേഷനും ഈടാക്കേണ്ടതാണ്.

ചെല്ലാനം ഗ്രാമപഞ്ചായത്തും, എറണാകുളം ജില്ലാ പഞ്ചായത്തും സംയുക്തമായി നടപ്പിലാക്കുന്ന ചെറിയകടവ് മനയിൽ റോഡ് (പ്രൊ.നം.132/16-17, അടങ്കൽ – 24,00,000/- രൂപ) എന്ന പ്രൊജക്ട് 8.02.2015-ൽ സാജു ദേവസ്സി എന്നയാൾ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 0.1% കുറവിൽ ടെൻഡർ എടുക്കുകയും 28.02.2015 -ൽ കരാർ വെച്ച് 28.02.2015-ൽ തന്നെ സൈറ്റ് കരാറുകാരന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഈ പ്രൊജക്ടിൽ നാളിതുവരെ താഴെപ്പറയും പ്രകാരം കരാറുകാരന് തുക നല്കിയിട്ടുണ്ട്.

| ബിൽ നം | ആകെ പ്രവൃത്തി മൂല്യം | Tender Reduction | ബിൽ തുക | നികുതികൾ കുറച്ചത് | | | | | കരാറുകാരന് നല്കിയ തുക | ചെക്ക് നമ്പർ |
|---|---|---|---|---|---|---|---|---|---|---|
| | | 0.1% | | VAT | IT | KCW WF | Retention | total | | |
| I | 458812 | 458 | 458354 | 18334 | 4584 | 4584 | 11459 | 38961 | 419393 | 451151 2.4.16 |
| 2 | 527909 | - | 527909 | 21116 | 5279 | 5279 | 13198 | 44872 | 483037 | 417288 21.7.16 |
| 3 | 506697 | - | 506697 | 20268 | 5067 | 5067 | 12667 | 43069 | 463628 | 417356 3.10.16 |
| 4 | 611759 | 528+ 507+ 611 | 610113 | 24404 | 6101 | 6101 | - | 36606 | * 54866 | 827258 4.1.17 |
| | | | | | | | * ഫണ്ട് ലഭ്യമല്ലാത്തതിനാൽ മുഴുവൻ തുകയും നൽകിയിട്ടില്ല | | 8528 | 827257 4.1.17 |
| | 2105177 | 2104 | 2103073 | | | | | ആകെ | 1429452 | |

28.02.2015- ൽ കരാർ ചമച്ച് സൈറ്റ് ഹാൻഡ്ഓവർ ചെയ്ത് ആരംഭിച്ച പ്രവൃത്തി കരാർ പ്രകാരം ഒരു വർഷത്തിനുള്ളിൽ (27/2/2016) പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പണി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ കരാറുകാരൻ 8/9/2016 വരെ അധിക കാലാവധിക്ക് അപേക്ഷിച്ചത് പ്രകാരം സപ്ലിമെന്ററി എഗ്രിമെന്റ് വച്ച് കരാർ നീട്ടിക്കൊടുത്തു. പിന്നീട് പണി പൂർത്തിയാക്കിയത് 07/12/2016 ൽ മാത്രമായിരുന്നു. (അളവ് പുസ്തകം നം.2/16-17). അതായത് സപ്ലിമെന്ററി എഗ്രിമെന്റ് പ്രകാരം പൂർത്തീകരിക്കേണ്ട കാലാവധി കഴിഞ്ഞ് 3 മാസത്തിന് ശേഷമാണ് പണി പൂർത്തിയാക്കിയത്.

ഈ പ്രവൃത്തിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ന്യൂനതകൾ കാണുന്നു.

(എ) 2012 ലെ പി.ഡബ്ല്യൂ.ഡി.മാന്വൽ സെക്ഷൻ 2112 പ്രകാരം കരാർ നീട്ടി നൽകുമ്പോൾ ആദ്യതവണ അംഗീകൃത PAC യുടെ 1% നിരക്കിലും രണ്ടാം തവണ 2% നിരക്കിലും പിഴ ഈടാക്കി പരമാവധി 50% മാത്രം കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. അതായത് ഇവിടെ 27.8.2016 വരെ PAC യുടെ 3% പിഴ ഈടാക്കിയാണ് കാലാവധി ദീർഘിപ്പിക്കേണ്ടിയിരുന്നത്. എന്നാൽ പിഴയിനത്തിൽ ഒരു തുകയും ഈടാക്കാതെയാണ് കാലാവധി ദീർഘിപ്പിച്ചത്. അതും കൂടുതൽ കാലയളവിലേക്ക്.

അംഗീകൃത PAC = 24,00,000 – 0.1% = 23,97,600/-

ഈടാക്കേണ്ടിയിരുന്ന ഫൈൻ = 2397600 x 3% = 71,928/-

(ബി) സെക്ഷൻ 2116.1 പ്രകാരം യഥാർത്ഥ/ദീർഘിപ്പിച്ച കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ പരമാവധി 10% കോമ്പൻസേഷൻ ഈടാക്കേണ്ടതാണ്.

പരമാവധി ദീർഘിപ്പിക്കാമായിരുന്ന കാലാവധി - 27.08.2016

പ്രവൃത്തി പൂർത്തീകരിച്ചത് - 07.12.2016

അധിക കാലം - 103 ദിവസം = 14.7 ആഴ്ച്ച
ഈടാക്കേണ്ട കോമ്പൻസേഷൻ - 2397600 x 1.47% = 35245/-

മേൽപ്പറഞ്ഞ പ്രകാരം പിഴ ഇനത്തിലും കോമ്പൻസേഷൻ ഇനത്തിലും ആകെ 107173/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് വിഹിതം നൽകി കഴിഞ്ഞതിനാൽ, ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്ന് കരാറുകാരന് നൽകാനുള്ള ബാക്കി തുക നൽകുമ്പോൾ മേൽപ്പറഞ്ഞ തുക ഈടാക്കിയ ശേഷം മാത്രമേ ഫൈനൽ ബിൽ നൽകാവൂ.

## 3-10 ഡെപ്പോസിറ്റ് വർക്കുകൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

ഓഡിറ്റ് വർഷം നടത്തിയ ഡെപ്പോസിറ്റ് വർക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. എന്നാൽ ഇവ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

.

| ക്രമ നം | പ്രോജക്ടിന്റെ പേര്, നമ്പർ | തുക ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | ഡെപ്പോസിറ്റ് ചെയ്ത തുക. | ഡി.ഡി. നമ്പർ/ ബിൽ നമ്പർ. |
|---|---|---|---|---|
| 1 | SO.19/2017, വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കെ എസ് ഇ ബി. കണ്ണമാലി | 195094 രൂപ തനത് ഫണ്ട്. 123612രൂപ വികസന ഫണ്ട് ജനറൽ. | ബിൽ നമ്പർ.50/ 2016-2017, തീയതി 31/03/2017 |
| 2 | SO.156/2017.സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | കെ എസ് ഇ ബി കണ്ണമാലി | 1103419/- | ബിൽ നമ്പർ.48/ 2016-2017, തീയതി 31/03/2017 |
| 3 | SO. 131, വിവിധ വാർഡുകളിൽ ശുദ്ധജല വിതരണത്തിന് പൈപ്പ് ലൈൻ സ്ഥാപിക്കൽ. | കേരള വാട്ടർ അതോറിറ്റി | 1103077/- 696923/- | ബിൽ നമ്പർ.46/ 2016-2017, തീയതി 31/03/2017 ബിൽ നമ്പർ.47/ 2016-2017, തീയതി 31/03/2017 |

മേൽ പ്രോജക്ടുകൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-11 ഇൻഡന്റ് പ്രകാരമുള്ള മരുന്നുകൾ മുഴുവൻ ലഭിച്ചില്ല.

മെഡിക്കൽ ഓഫീസർ ഹോമിയോ, നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ "ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ" എന്ന പ്രോജക്ടിൽ 200000/-രൂപയുടെ മരുന്നുകളുടെ ഇൻഡന്റ് മെഡിക്കൽ ഓഫീസർ, ഹോംകോ, ആലപ്പുഴയ്ക്ക് നൽകുകയും ടി സ്ഥാപനത്തിന്റെ M D.യുടെ പേർക്ക് 18/11/2016 ൽ 827097 -ാം നമ്പർ ഡിമാന്റ് ഡ്രാഫ്റ്റ് പ്രകാരം 200000/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്(ബിൽ നം.1. തീയതി. 16/11/2016). എന്നാൽ നാളിതുവരെ ഹോംകോ, ആലപ്പുഴയിൽ നിന്നും 61920/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. 138080/രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കുവാനുണ്ട്. ഇവ ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

.

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2,30,600 | തെങ്ങുകൃഷി | 18600 | 0 |
| | | | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 2,12,000 | |
| | | | ആകെ | 2,30,600 | |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 3,31,600 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 2,12,000 | 0 |
| | | | ക്ഷീരകർഷകർക്ക് സബ്സിഡി | 19,600 | |
| | | | പാലിയേറ്റീവ് കെയർ | 1,00,000 | |
| | | | ആകെ | 3,31,600 | |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 12,30,800 | ശുചിത്വ കക്കൂസ് നിർമ്മാണം (ODF) | 72,400 | 11,58,400 |

. 2016-17 വർഷം ഗ്രാമപഞ്ചായത്തിന് സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുകയിൽ ശുചിത്വ കക്കൂസ് നിർമ്മാണം (ODF) എന്ന പ്രൊജക്ടിനുവേണ്ടി ലഭിച്ച തുക മാത്രമേ മുഴുവൻ ചെലവാകാതിരുന്നുള്ളൂ. അതേസമയം വിവിധ സ്കീമുകൾക്കുവേണ്ടി മുൻവർഷങ്ങളിൽ ലഭിച്ച തുകകളിൽ ഈ വ്യഷത്തെ ചെലവ് കിഴിച്ച് ബാക്കിയുള്ള തുക താഴെപ്പറയുന്നപ്രകാരമാണ്.

.

| ക്രമ നം | പ്രൊജക്ടിന്റെ പേര് | മുൻവർഷാവസാനം ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുക | 2016-17 വർഷം ലഭിച്ച തുക | ആകെ | 2016-17 വർഷത്തെ ചെലവ് | 31.3.2017-ലെ നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| 1 | ബി.എസ്.യു.പി | 23,25,408 | 84,014 | 24,09,422 | 6,82,379 | 17,27,047 |
| 2 | സമ്പൂർണ്ണ ശുചിത്വ പദ്ധതി | 0 | 20,99,600 | 20,99,600 | 18,46,200 | 2,53,400 |
| 3 | ഐ.സി.ഡി.എസ് | 3,42,244 | 12,34,234 | 15,76,478 | 12,63,183 | 3,13,295 |
| 4 | എൻ.പി.ആർ.പി.ഡി | 2,97,584 | 2,65,161 | 5,62,745 | 3,27,556 | 2,35,189 |
| 5 | ചിയാക്ക് | 0 | 9546 | 9546 | 0 | 9546 |
| 6 | യുവജനക്ഷേമം | 0 | 25,000 | 25,000 | 0 | 25,000 |

. മേൽപ്പറഞ്ഞ വിവിധ സ്കീമുകൾക്കുവേണ്ടി വിവിധ ഏജൻസികളിൽനിന്ന് ലഭിച്ച ഫണ്ടുകൾ അതാത് സ്കീം പൂർത്തീകരണത്തിനുപയോഗിക്കുകയോ അല്ലാത്തപക്ഷം തിരിച്ചടയ്ക്കുവാൻ വേണ്ട നടപടി സ്വീകരിക്കുകയും വേണം.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ശുദ്ധജല പൈപ്പ് ലൈൻ സ്ഥാപിക്കൽ | 46/16-17 31.3.2017 | 11,03,077 | 0 | 18,00,000 |
| | | 47/16-17 31.3.2017 | 6,96,923 | | |
| | | ആകെ | 18,00,000 | | |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ വലിക്കൽ | 48/16-17 31.3.2017 | 11,03,419 | 0 | 14,22,125 |
| | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 50/16-17 31.3.2017 | 1,23,612 | 0 | |
| | | 2551718 31.3.2017 | 1,95,094 | 0 | |
| | | ആകെ | 14,22,125 | 0 | |

വിവിധപദ്ധതികൾക്കായി കേരള വാട്ടർ അതോറിറ്റി,കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച തുകകൾ അതാത് വാർഡുകളിൽ ചെലവഴിച്ചിട്ടുണ്ടോ എന്ന് കാണിക്കുന്ന വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4960790 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 686033 |
| ആകെ | 5646823 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5646823 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നമ്പർ | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | ചെല്ലാനം സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി , നമ്പർ : 1726 | 823532 |
| 2 | ചെല്ലാനം സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി , നമ്പർ : 1725 | 777018 |
| 3 | എറണാകുളം ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് (1) | 2772060 |
| 4 | ചെല്ലാനം സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി , നമ്പർ : 1725 | 590807 |
| 5 | ചെല്ലാനം സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി , നമ്പർ : 1725 | 578195 |
| | ആകെ | 5541612 |

2015-16 വാർഷികക്കണക്കിലെ *ബാലൻസ്* ഷീറ്റിൽ 49,60,790/- രൂപയാണ് നീക്കിയിരുപ്പ്. 2016-17 വർഷം ഇൻകം & *എക്സ്പെൻഡിച്ചർ* സ്റ്റേറ്റ്മെന്റ് പ്രകാരം ഫിക്സഡ് ഡെപ്പോസിറ്റിൻമേലുള്ള പലിശവരവ് 6,86,033/- രൂപയാണ്. അതുപ്രകാരം 2016-17 ബാലൻസ് ഷീറ്റിൽ വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം 5646823/- രൂപയാണ്. എന്നാൽ പഞ്ചായത്തിലെ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം 5541612/- രൂപയാണ് നീക്കിയിരുപ്പായി കാണിക്കുന്നത്. 105211/- രൂപയുടെ വ്യത്യാസത്തിന്റെ കാരണം ഖണ്ഡിക 2-3 ൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. അതുപ്രകാരം അക്കൗണ്ട്സിൽ മാറ്റം വരുത്തി ഈ അപാകത പരിഹരിക്കേണ്ടതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 10 | 2003-04 | 3.7.11.2 | സഹകരണ സംഘം സെക്രട്ടറിയെ നിർവ്വഹണോദ്യോഗസ്ഥയാക്കിയത് | നടപ്പിലാക്കിയ പ്രോജക്ട് പൂർത്തിയാക്കിയതിനാൽ പരാമർശം ഒഴിവാക്കി കിട്ടുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| 2001-02 | 5 | 2003-04 | 3.7.11.1 | കംപ്യൂട്ടർ സെന്റർ നിർമ്മാണം | റവന്യൂ റിക്കവറി നടപടികളിലൂടെ തുക ഈടാക്കി വരുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,29,89,457 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,67,11,134 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,07,173 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5,55,724 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-9 – 107173/- – ശ്രീമതി അജിത അനീഷ്, അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 5,55,724/- | ഡോ.ഷൈമ എസ്<br>മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി, സൗത്ത് ചെല്ലാനം) |
| ആകെ | 5,55,724/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 7500/- | ശ്രീമതി. ഫിലോമിന ഇ.എ<br>സെക്രട്ടറി |
| ആകെ | 7500/- | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ഷൈമ എസ്.<br>മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി, സൗത്ത് ചെല്ലാനം) | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി, സൗത്ത് ചെല്ലാനം | 1/906<br>കുന്നുംപുറം,<br>ഫോർട്ട്കൊച്ചി<br>കൊച്ചി-1<br>എറണാകുളം |
| ശ്രീമതി.ഫിലോമിന<br>ഇ.എ.<br>സെക്രട്ടറി | സർവ്വീസിൽ നിന്ന് വിരമിച്ചു | കാരിക്കാശ്ശേരി<br>ഹൗസ്<br>ഞാറക്കൽ. പി.ഒ<br>എറണാകുളം |

| | | |
|---|---|---|
| ശ്രീമതി. അജിത അനീഷ് അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. നീലംപേരൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല | ഇത്തിപ്പറമ്പിൽ, പള്ളരുത്തി നട പള്ളരുത്തി പി.ഒ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ഇ.പി.1922/02 /7.7.2005 |
| 1999-2000 | എൽ.എഫ്.ഇ.പി.1-921/02 /7.7.2005 |
| 2000-01 പദ്ധതി വിഹിതം | എൽ.എഫ്.ഇ.പി.1-163/03 /4.2.2004 |
| 2001-02 പദ്ധതി വിഹിതം | എൽ.എഫ്.ഇ.പി.1.1162/03 /4.2.2004 |
| 2002-03(ചെലവ്) | എൽ.എഫ്.ഇ.പി.2-296/06 /11.01.2007 |
| 2003-04 | എൽ.എഫ്.ഇ.പി.3-744/09 /16.06.2010 |
| 2004-05 | എൽ.എഫ്.ഇ.പി.3-745/09 /16.06.2010 |
| 2005-06 | എൽ.എഫ്.ഇ.പി.3-746/09 /16.06.2010 |
| 2007-08 | എൽ.എഫ്.ഇ.പി.3-746/09 /16.05.2010 |
| 2008-09 | എൽ.എഫ്.ഇ.പി.3-200/10 /12.7.2011 |
| 2009-10 | എൽ.എഫ്.ഇ.പി.1-321 /12 /26.3.12 /3.5.12 |
| 2010-11 | എൽ.എഫ്.ഇ.പി.1-322/12 /2.4.12 /7.5.12 |
| 2011-12 | എൽ.എഫ്.ഇ.പി.1-2280/13 /21.1.2014 |
| 2012-13 | എൽ.എഫ്.ഇ.(പി.3)403/15 / 06.04.2015 |
| 2013-14 & 2014-15 | നം.കെ.എസ്.എ-ഇ.കെ.എം (പി3)960/2016 / 22.06.2016 |
| 2015-16 | നം.കെ.എസ്.എ-ഇ.കെ.എം (പി3)1975/2016, 07.12.2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

.

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(പി.3)1761/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271
email:-doekm.ksad@kerala.gov.in

തീയതി:21/11/2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 2-3 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശം ഒഴികെ എന്റെ അഭിപ്രായത്തിൽ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

.

No.KSA.EKM(P.3)1761/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 21/11/2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Chellanam Grama panchayat in Ernakulam district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Chellanam Grama panchayat for the year 2016-17 except the observation in paragraph 2-3 of my audit report properly presents the picture of income and expenditure.

.

Deputy Director